REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-07-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **അഞ്ച് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി ബ്രസീലിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പ്രസിഡണ്ട് ലുലാ ഡാ സിൽവയുമായി ഉഭയകക്ഷി ചർച്ച നടത്തും.**
- **മലപ്പുറത്തെ നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 48 പേരിൽ 46 പേരുടെയും പരിശോധനാഫലം നെഗറ്റീവാണെന്ന് മന്ത്രി വീണ ജോർജ്.**
- **ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ നാളെ മുതൽ കൈറ്റ് വിക്ടേഴ്സിൽ ആരംഭിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജിന് പോയവരുടെ അവസാനസംഘം ഇന്ന് മടങ്ങിയെത്തും.**
- **മലബാർ റിവർ ഫെസ്റ്റിവലിന് മുന്നോടിയായി കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളുടെ പ്രീഇവന്റുകൾക്ക് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

അഞ്ച് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി ബ്രസീലിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പ്രസിഡണ്ട് ലുലാ ഡാ സിൽവയുമായി ഉഭയകക്ഷി ചർച്ച നടത്തും. വ്യാപാരം, രാജ്യരക്ഷ, ഊർജ്ജം, ബഹിരാകാശ സാങ്കേതിക വിദ്യ, കൃഷി, ആരോഗ്യം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചായിരിക്കും തലസ്ഥാന നഗരമായ ബ്രസീലിയയിലെ ചർച്ചകൾ.

റിയോ ഡി ജനീറോയിലെ ചർച്ചകൾ തികച്ചും ഫലപ്രദമായിരുന്നുവെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമ കുറിപ്പിൽ വിലയിരുത്തി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നാളെ നമീബിയയിലെത്തും. പ്രസിഡണ്ട് നിതൊംബോ നാൻദി ദാത്വയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം വിൻഡ്ഹോക്ക് നഗരത്തിലെത്തുന്നത്. നരേന്ദ്രമോദിയുടെ ആദ്യ നമീബിയൻ സന്ദർശനമാണിത്. ഇരുരാജ്യങ്ങളും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ചർച്ച ചെയ്യും.

ഇന്നലെ ബ്രിക്സ് രാജ്യങ്ങളുടെ പരിസ്ഥിതി ആഗോളഫോറത്തിൽ സംസാരിച്ച പ്രധാനമന്ത്രി, ഗ്രഹങ്ങളും, മനുഷ്യാരോഗ്യവും പരസ്പരബന്ധിതമാണെന്നും, പ്രകൃതിയെ ബഹുമാനിക്കുന്ന രീതി തലമുറകളായി ഇന്ത്യൻ പാരമ്പര്യത്തിലുണ്ടെന്നും വിശദീകരിച്ചു. കാലാവസ്ഥയോടും, ചുറ്റുപാടുകളോടും നീതി പുലർത്തേണ്ടത് കർത്തവ്യമായാണ് ഭാരതീയർ കാണുന്നത്.

അടുത്തവർഷം ബ്രിക്സിന്റെ അധ്യക്ഷ സ്ഥാനമേൽക്കുമ്പോൾ അപ്രതീക്ഷിത സാഹചര്യങ്ങൾ നേരിടാനാവശ്യമായ സജ്ജത കേന്ദ്രീകരിച്ചായിരിക്കും ഇന്ത്യയുടെ പ്രവർത്തനമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ലൈഫ് മിഷൻ, ഏക് പേഡ് മാം കെ നാം, രാജ്യാന്തര സൗരോർജ്ജ സഖ്യം, ഹരിത ഹൈഡ്രജൻ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ഇന്ത്യയുടെ സംരംഭങ്ങൾ നരേന്ദ്രമോദി ഫോറത്തിൽ വിവരിച്ചു.

✪✪✪

നിപ സമ്പർക്ക പട്ടികയിൽ അഞ്ച് ജില്ലകളിലായി 461 പേരാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി വീണ ജോർജ് മലപ്പുറത്ത് അറിയിച്ചു. മലപ്പുറം ജില്ലയിൽ 252 പേരും, പാലക്കാട് ജില്ലയിൽ 209 പേരുമാണ് പട്ടികയിൽ ഉൾപ്പെട്ടത്. ഇതിൽ 27 പേർ ഹൈ റിസ്ക് വിഭാഗത്തിലാണ്.

മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, എറണാകുളം ജില്ലകളിലാണ് രോഗികൾ ചികിത്സയിൽ കഴിയുന്നതെന്ന് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ മന്ത്രി പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

മലപ്പുറത്തെ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 48 പേരുടെ സാമ്പിൾ പരിശോധിച്ചതിൽ 46 ഉം നെഗറ്റീവാണെന്നും മന്ത്രി പറഞ്ഞു. ഇതിൽ 23 പേർ മഞ്ചേരി മെഡിക്കൽ കോളജിലും 23 പേർ കോഴിക്കോട്ടുമാണ്. ഹൈറിസ്ക് പട്ടികയിൽ പെട്ടവർ ക്വാറന്റീനിലാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ജനങ്ങൾ നിർബന്ധമായും മാസ്ക് ധരിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

മലപ്പുറം ജില്ലയിൽ കണ്ടൈൻമെന്റ് സോണുകളിൽ ഉൾപ്പെട്ട 8,706 വീടുകളിൽ പനി ബാധിതരെ കണ്ടെത്താൻ സർവൈലൻസ് പൂർത്തിയാക്കി. നിപയുമായി ബന്ധപ്പെട്ട വ്യാജ പ്രചരണങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കേസുകൾ സൈബർ സെല്ലിന് കൈമാറുമെന്നും മന്ത്രി മുന്നറിയിപ്പു നൽകി.

✪✪✪

മാറിയ പാഠപുസ്തകളുടെ അടിസ്ഥാനത്തിൽ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ നാളെ മുതൽ കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം തുടങ്ങുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കുട്ടികൾക്ക് അധിക പിന്തുണ എന്ന തരത്തിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. കോഴിക്കോട്ട് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ശില്പശാലയിൽ വീഡിയോ കോൺഫറൻസിംഗിലൂടെ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ആരോഗ്യമേഖലയുടെ തകർച്ചയുൾപ്പെടെ വിഷയങ്ങളിൽ കോൺഗ്രസ് പ്രക്ഷോഭം ശക്തമാക്കുമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. കോഴിക്കോട്ട് ജില്ലാ തല 'സമര സംഗമം' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആശാ വർക്കർമാരുടേത് ഉൾപ്പെടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് കോൺഗ്രസ് മുന്നോട്ടുപോകുമെന്നും സണ്ണിജോസഫ് അറിയിച്ചു.

ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ തുറന്നുകാണിച്ച് ജനമനസ്സുകളിൽ ഇടം നേടുകയാണ് UDF ന്റെ ലക്ഷ്യമെന്ന് സംഗമത്തിൽ കൺവീനർ അടൂർ പ്രകാശ് പറഞ്ഞു.

✪✪✪

ആരോഗ്യ മേഖലയെപ്പറ്റി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ചില മാധ്യമങ്ങളുടെ പിന്തുണയോടെ സംഘടിത ശ്രമം നടക്കുന്നുണ്ടെന്ന് LDF കൺവിനർ T.P രാമകൃഷ്ണൻ കോഴിക്കോട്ട് പറഞ്ഞു. ആശുപത്രികൾക്കെതിരായ UDF സമരം ജനങ്ങൾക്കെതിരെയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കുടുംബാരോഗ്യ

കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി ചികിത്സാമേഖല വികസിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞെന്ന് TP രാമകൃഷ്ണനൻ പറഞ്ഞു.

✪✪✪

ഫറോക്ക് ESI റഫറൽ ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ തിരുവനന്തപുരത്ത് മന്ത്രി V ശിവൻ കുട്ടിയുടെ സാന്നിധ്യത്തിൽ യോഗം ചേരുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കോഴിക്കോട്ട് അറിയിച്ചു. ആശുപത്രി വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജിന് യാത്രയായ ഹാജിമാരുടെ അവസാനസംഘം ഇന്ന് മടങ്ങിയെത്തും. ഒരു സംഘം പുലർച്ചെ 4.55ന് തിരിച്ചെത്തി. കൊച്ചിൻ എംബാർക്കേഷനിലെ അവസാന വിമാനം വ്യാഴാഴ്ചയും കണ്ണൂരിലേത് വെള്ളിയാഴ്ചയുമാണ്.

അടുത്ത വർഷത്തെ- ഹജ്ജിന് ഓൺലൈൻ വഴി അപേക്ഷാ സമർപ്പണം ഉടനെ ആരംഭിക്കുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് സ്വകാര്യ ബസുകളുടെ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടങ്ങി. വിദ്യാർത്ഥി കൺസഷൻ വർധിപ്പിക്കണമെന്നതടക്കം ആവശ്യങ്ങൾ ഉന്നയിച്ചാണ് ഇന്നത്തെ പണിമുടക്ക്. സമരം ഒഴിവാക്കാൻ ഇന്നലെ ഗതാഗത കമ്മീഷണറുടെ നേതൃത്വത്തിൽ ബസ്സുടമകളുമായി നടത്തിയ ചർച്ച നടത്തിയെങ്കിലും പരിഹാരമായില്ല. യാത്രാക്ലേശം പരിഹരിക്കാൻ KSRTC ബദൽക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ വെള്ളിയാഴ്ച വരെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കർണാടക തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

പത്തനംതിട്ടയിലെ കോന്നിയിൽ പാറയിടിഞ്ഞുവീണ് അതിഥി തൊഴിലാളി മരിച്ച ക്വാറിയുടെ പ്രവർത്തനം ജില്ലാഭരണകൂടം തടഞ്ഞു. ചെങ്കളത്തെ ക്വാറി ഇൻഡസ്ട്രീസ് എന്ന പാറമടയുടെ പ്രവർത്തനമാണ് തടഞ്ഞത്.

ക്വാറിയിൽ പാറക്കഷ്ണങ്ങൾ അപകടകരമായി ഇളകി വീഴുന്നതിനാൽ രക്ഷാപ്രവർത്തകരും, ഉദ്യോഗസ്ഥരുമൊഴികെ മറ്റാരും ക്വാറിയിൽ പ്രവേശിക്കുന്നതും നിരോധിച്ചു.

എസ്കവേറ്ററിൽ കുടുങ്ങിയ ഓപ്പറേറ്റർ അജയ് റായി എന്നയാൾക്കായി രാവിലെ തിരച്ചിൽ പുനരാരംഭിക്കും. എസ്കവേറ്ററിലെ സഹായി മഹാദേവ പ്രധാന എന്ന തൊഴിലാളിയാണ് ഇന്നലെ ഉച്ചയോടെ പാറയിടിഞ്ഞു വീണ് മരിച്ചത്. പാറമടയിൽ തൊഴിലാളി മരിച്ച സംഭവത്തിൽ മന്ത്രി V ശിവൻകുട്ടി ദുഃഖമറിയിച്ചു. സംഭവത്തെക്കുറിച്ച് റിപ്പോർട്ട് നൽകാൻ അഡീഷണൽ ലേബർ കമ്മീഷണറെ മന്ത്രി ചുമതലപ്പെടുത്തി.

✪✪✪

ദേശീയപാത 66-ൽ മലപ്പുറം ജില്ലയിലെ യൂണിവേഴ്സിറ്റി, കോഹിനൂർ, വെളിമുക്ക് എന്നിവിടങ്ങളിൽ മേൽനടപ്പാത നിർമിക്കാൻ തത്വത്തിൽ ധാരണയായി. ദേശീയപാത കടന്നുപോകുന്ന പ്രദേശങ്ങളിലെ MP മാർ, MLA മാർ, വകുപ്പ് ഉദ്യോഗസ്ഥർ, ദേശീയപാതാ അതോറിറ്റി കൊച്ചി പ്രോജക്ട് ഡയറക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ കലക്ടറേറ്റിൽ ചേർന്ന യോഗത്തിലാണ് ധാരണയായത്.ദേശീയപാതയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളിലേക്ക് വെള്ളമൊഴുകുന്നത് തടയാൻ നടപടിയെടുക്കാനും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ നടപടികൾക്ക് തുടക്കമായി. സ്പീക്കർ A.N ഷംസീറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഗവേഷണമടക്കം മേഖലകൾക്ക് മുന്തിയ പരിഗണ നൽകാൻ തീരുമാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)...............

✪✪✪

വിംബിൾഡൺ ടെന്നീസിൽ ലോക ഒന്നാം നമ്പർ ജാനിക് സിന്നർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. കളിയിൽ മുന്നിട്ടുനിന്ന ഗ്രിഗർ ദിമിത്രോവിന് അപ്രതീക്ഷിതമായി ഏറ്റ പരിക്കിനെ തുടർന്നാണ് സിന്നർ ക്വാർട്ടറിലെത്തിയത്. പരിക്കേറ്റ ദിമിത്രോവ് മത്സരത്തിൽ നിന്ന് പിൻവാങ്ങി.

✪✪✪

ഇംഗ്ലണ്ടിനെതിരായ യൂത്ത് അണ്ടർ -19 ഏകദിന ക്രിക്കറ്റിലെ അഞ്ചാം മത്സരത്തിൽ ഇന്നലെ പരാജയപ്പെട്ടെങ്കിലും പരമ്പര ഇന്ത്യ സ്വന്തമാക്കി. നേരത്തെ മൂന്ന് മത്സരം ഇന്ത്യ വിജയിച്ചിരുന്നു. ഈ മാസം 12 മുതൽ രണ്ട് ടെസ്റ്റ് മത്സരങ്ങളിൽ ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും.

✪✪✪

ഈ മാസം 24ന് ആരംഭിക്കുന്ന മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന പ്രീഇവന്റുകൾക്ക് തുഷാരഗിരിയിൽ മഴനടത്തത്തോടെ ഇന്ന് തുടക്കമാകും. അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് മത്സരമാണ് മലബാർ റിവർ ഫെസ്റ്റിവൽ.

മഴനടത്തത്തിനു പുറമെ മഡ് ഫുട്ബോൾ, മഴയാത്ര, കബഡി, ബാഡ്മിന്റൺ, വടംവലി, സൈക്ലിംഗ്, കാളപൂട്ട് തുടങ്ങിയ ആകർഷകരമായ പരിപാടികൾ ഫെസ്റ്റിവലിന് മുന്നോടിയായി സംഘടിപ്പിക്കും.

✪✪✪

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേമിന്റെ കബറടക്കം മറ്റന്നാൾ ഉച്ചയ്ക്ക് തൃശൂർ മാർത്ത മറിയം വലിയ പള്ളിയങ്കണത്തിലെ കുരുവിളയച്ചൻ പള്ളിയിൽ നടത്തും. ഭൗതിക ശരീരം ഇന്നും നാളെയും വലിയ പള്ളിയിൽ പൊതുദർശനത്തിന് വെയ്ക്കും.

✪✪✪

നിലമ്പൂർ വനം ഡിവിഷനുകളിൽ കാലവർഷത്തിൽ തകർന്നതും കേടുപാടു സംഭവിച്ചതുമായ ഫെൻസിങ്ങുകൾ അറ്റകുറ്റപ്പണി ചെയ്യാൻ വനംവകുപ്പ് മിഷൻ സോളാർ പദ്ധതി ആരംഭിച്ചു. ജനവാസമേഖലകളോട് ചേർന്ന ഫെൻസിങ്ങുകളാണ് നവീകരിക്കുന്നത്.

✪✪✪

ചാരവൃത്തിക്ക് അറസ്റ്റിലായ വ്ലോഗർ ജ്യോതി മൽഹോത്രയെ കേരളത്തിലേക്ക് ആനയിച്ചു കൊണ്ടുവന്ന മന്ത്രി PA മുഹമ്മദ് റിയാസ് സ്ഥാനമൊഴിയണമെന്ന് BJP ദേശീയ നിർവാഹക സമിതിയംഗം PK കൃഷ്ണദാസ് ആവശ്യപ്പെട്ടു. ടൂറിസം മന്ത്രിക്കും ഗവൺമെന്റിനും ഗുരുതര വീഴ്ചയാണ് സംഭവിച്ചതെന്ന് കൃഷ്ണദാസ് കോഴിക്കോട്ട് പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

✪✪✪

കോഴിക്കോട് ജില്ലയിലെ കാടുപിടിച്ച സ്വകാര്യ ഭൂമികൾ വെട്ടിത്തെളിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് നിർദ്ദേശിച്ചു. ഇതിനായി തദ്ദേശ ഭരണ- റവന്യു-ജലസേചന വകുപ്പുകളുടെയും,

ദുരന്ത നിവാരണ അതോറിറ്റിയുടെയും യോഗം വിളിക്കണമെന്നും മന്ത്രി കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

---

***News Editor : അനിൽ ചന്ദ്രൻ***
***News Reader: അനിൽ ചന്ദ്രൻ***
***CNRT : അബ്ദുൽ കബീർ, ഫസ്ന ഫാത്തിമ***
***DEO : ഷീബ***